## ത്വൽഹ



**നമ്മെയെല്ലാം** വല്ലാതെ വേദനിപ്പിച്ചു കൊണ്ട് ത്വൽഹ പടിയിറങ്ങിപ്പോയി. എസ്.ഐ.ഒ നാദാപുരം ഏരിയാ സെക്രട്ടറിയായിരുന്നു വാണിമേൽ പറമ്പത്ത് സൂപ്പിയുടെയും മാമിയുടെയും മകൻ ത്വൽഹ. മേപ്പയൂർ സലഫി കോളേജ് രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർഥി. കോളേജിലെ എൻ.എസ്.എസ് യൂനിറ്റ് സെക്രട്ടറി. കഴിഞ്ഞ യൂനിയൻ തെരഞ്ഞെടുപ്പിൽ എസ്.ഐ.ഒ സ്ഥാനാർഥിയായി മത്സരിച്ചിരുന്നു. കോളേജിലെ ഈദ് സോഷ്യൽ പരിപാടിക്ക് വേണ്ടി ഒക്ടോബർ ആറിന് രാവിലെ മത്സ്യം വാങ്ങാൻ സുഹൃത്തും കോളേജ് യൂനിയൻ സെക്രട്ടറിയുമായ അഫ്‌ലഹിനൊപ്പം ബൈക്കിൽ പോകവെ വടകര ഹൈവെയിൽ വെച്ച് ടാങ്കർ ലോറിയിടിച്ച് രണ്ടുപേരും മരിക്കുകയായിരുന്നു.

മൂന്ന് സഹോദരിമാരും ഒരു സഹോദരനുമുണ്ട് ത്വൽഹക്ക്.

എസ്.ഐ.ഒവിന്റെ പ്രതീക്ഷ നിറഞ്ഞ പ്രവർത്തകനായിരുന്നു ത്വൽഹ. കൂട്ടുകാരുടെ പ്രിയപ്പെട്ടവൻ. എൻ.എസ്.എസ് ക്യാമ്പിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തീകരിച്ചാണ് അവൻ പോയത്.

ഓർമകളുടെ നിറഞ്ഞ ചക്രവാളത്തിൽ ത്വൽഹ, നീ എന്നും ഒരു കൊച്ചു നക്ഷത്രമായി ജ്വലിച്ചു നിൽക്കും.

**സി. ദാവൂദ്**

## കെ.എം സുലൈമാൻ



**ജമാഅത്തെ** ഇസ്‌ലാമി അംഗം, മലപ്പുറം കുന്നുമ്മൽ ഇസ്‌ലാമിക് സെന്റർ സെക്രട്ടറി, മലപ്പുറം മുസ്‌ലിം സൗഹാർദ സംഘം സെക്രട്ടറി, മാസ് കോളേജ് മാനേജർ, കാളമ്പാടി-കാവുങ്ങൽ സകാത്ത് & റിലീഫ് കമ്മിറ്റി രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന കെ.എം സുലൈമാൻ സാഹിബ്(65) വാഹനാപകടത്തെ തുടർന്ന് അല്ലാഹുവിലേക്ക് യാത്രയായി.

ഔപചാരികമായി എട്ടാം ക്ലാസ് വിദ്യാഭ്യാസം മാത്രമുള്ള അദ്ദേഹം സ്വപ്രയത്നത്തിലൂടെയും പരന്ന വായനയിലൂടെയും ചരിത്ര ഗവേഷകനും എഴുത്തുകാരനുമായി വളർന്നു. ഇക്കഴിഞ്ഞ റമദാൻ 17നോടനുബന്ധിച്ച് *പ്രബോധനം* പ്രസിദ്ധീകരിച്ച ബദർദിന കവർസ്റ്റോറിയും *ബോധനം* പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന ഇബ്‌റാഹീം നബിചരിത്രവുമെല്ലാം അദ്ദേഹത്തിന്റെ പഠന ഗവേഷണ ഫലങ്ങളായിരുന്നു.

വൈദ്യുതി ബോർഡിൽ ഓഫീസ് അറ്റന്ററായി ജോലിയിൽ പ്രവേശിച്ചു. വിരമിക്കുമ്പോൾ സീനിയർ അസിസ്റ്റന്റായിരുന്നു. വൈദ്യുതി വകുപ്പിലെ ജോലിയും അതുവഴി പൊതുജനങ്ങളുമായുള്ള ബന്ധങ്ങളും ദഅ്‌വാ മേഖലയിൽ അദ്ദേഹത്തിന് മുതൽകൂട്ടായിരുന്നു.

ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ ഉൾക്കാഴ്ചയുണ്ടായിരുന്ന അദ്ദേഹം ഭൗതിക സാമ്പത്തിക ദർശനങ്ങളെ, വിശിഷ്യ ആധുനിക ഉപഭോഗ സംസ്കാരത്തെ ഇസ്‌ലാമികാടിത്തറയിൽ വിമർശന വിധേയമാക്കിയിരുന്നു. ഈ പഠനങ്ങൾ ക്ലാസുകളിലും ചർച്ചകളിലും അവതരിപ്പിക്കുമായിരുന്നു. ഈജിപ്ഷ്യൻ ചരിത്രത്തെക്കുറിച്ച് നടത്തിയ പഠനങ്ങൾ ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല.

മലപ്പുറം നഗരത്തിലും പ്രാന്തപ്രദേശമായ കാളമ്പാടിയിലും ഇസ്‌ലാമിക പ്രസ്ഥാനത്തിന് വേരോട്ടമുണ്ടാക്കുന്നതിൽ അക്ഷീണം യത്നിച്ച സുലൈമാൻ സാഹിബ് അപകടം പറ്റുന്നതിന് തൊട്ടുമുമ്പുവരെ കർമനിരതനായിരുന്നു.

ആറ് ആൺമക്കൾ സോളിഡാരിറ്റി പ്രവർത്തകരാണ്; രണ്ട് പെൺമക്കൾ ജി.ഐ.ഒ പ്രവർത്തകരും.

**സി.എച്ച് മുസ്ത്വഫ മലപ്പുറം**

## വി.എം അലി



**തൃശൂർ** ജില്ലയിൽ മാള ഏരിയയിലെ മാരേക്കാട് കാർകുൻ ഹൽഖ അംഗം വി.എം അലി നിര്യാതനായി.

1959 മുതൽ ജമാഅത്തെ ഇസ്‌ലാമി മാരേക്കാട് ഹംദർദ് ഹൽഖ (നാട്ടിക ഫർക്ക) അംഗമായിരുന്നു. മാരേക്കാട് മഹല്ലു ഖത്തീബ് ലക്കിടി കുഞ്ഞിക്കോയ തങ്ങളായിരുന്നു ഹൽഖാ നാസിം. അന്നു മുതലേ ദീർഘകാലം *പ്രബോധനം* ഏജന്റായി പ്രവർത്തിച്ചു. എടയൂരിൽ പോയി ഐ.പി.എച്ച് സാഹിത്യങ്ങൾ കൊണ്ടുവന്ന് പ്രദേശത്തെ യുവാക്കൾക്ക് അദ്ദേഹം വായനക്കു നൽകി. *പ്രബോധനം* പാക്ഷികപത്രത്തിന്റെ പഴയലക്കങ്ങൾ ശേഖരിച്ച് ബൈന്റ് ചെയ്തു ലൈബ്രറി പരിപോഷിപ്പിച്ചു. ദീർഘകാലം പരേതൻ ഹൽഖാ നാസിമും ഹൽഖാ സെക്രട്ടറിയും മഹല്ലു സെക്രട്ടറിയുമായിരുന്നു.

**വി.എം ഹംസ**